# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1355

22.03.2013ൽ
മറുപടിക്ക്

### തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| എ) തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) ഇല്ല |
| ബി) പ്രതിവർഷം 100 തൊഴിൽ ദിവസ ങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ ക്ക് ബി.പി.എൽ റേഷൻ കാർഡ് അനുവദിക്കുമോ; | ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമിണ തൊഴിലുറപ്പ് പദ്ധതിയിൽ എ.പി. എൽ, ബി.പി.എൽ വ്യത്യാസമില്ലാതെയാണ് തൊഴിൽ നൽകുന്നത് |
| സി) മുതിർന്ന പൗരന്മാർ, ഗർഭിണികൾ എന്നിവർക്ക് തൊഴിലുറപ്പ് പ്രവർത്തിയിൽ ഇളവ് അനുവദിക്കുമോ; | സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മാർഗ്ഗരേഖ 2013 പ്രകാരം മുതിർന്ന പൗരന്മാരുടെ പ്രത്യേക ഗ്രൂപ്പുകൾ ഉണ്ടാക്കി ആയാസ രഹിതമായ പ്രവൃത്തിയിൽ തൊഴിൽ നൽകാൻ വ്യവസ്ഥയുണ്ട്. |
| ഡി) കുടുംബിനികളുടെ ഗാർഹിക ജോലികൾ കൂടി പരിഗണിച്ച് തൊഴിൽ സമയം 10 മുതൽ 5 വരെയാക്കുന്ന കാര്യം പരിഗണിക്കുമോ; | ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ സമയം രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണിവരെ ആണ്. കേരളത്തിൽ രാവിലെ 9 മുതൽ എന്ന് മാറ്റം വരുത്തിയിട്ടുണ്ട്. |

ഇ) തൊഴിലാളികൾക്കായി പഠന ബോധവൽക്കരണ പരിപാടികൾക്കും സന്ദർശനങ്ങൾക്കും വേണ്ടി 10 ദിവസം മാറ്റിവക്കുകയോ അധിക തൊഴിൽ ദിനം അനുവദിക്കുകയോ ചെയ്യുമോ?

ഇ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. തൊഴിൽ ആവശ്യപ്പെടുന്ന മുറയ്ക്കാണ് തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നത്.

സെക്ഷൻ ഓഫീസർ